മലിനജലം ഇ.എസ്.ഐ. കോമ്പൗണ്ടിലേയ്ക്ക് ഒഴുകുന്നത് തടയാൻ നടപടി

80 (2019) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുവണ്ണൂരിൽ നിന്നും ഫറോക്കിലേക്കുള്ള ടി. പി. റോഡിൽ ഇ.എസ്.ഐ. കോമ്പൗണ്ടിന് മുൻവശത്തെ അഴുക്കുചാൽ നികന്ന് നിലവിലില്ലാതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴുക്കുചാലിന്റെ അഭാവത്തെതുടർന്ന് മലിനജലം ഇ.എസ്.ഐ. കോമ്പൗണ്ടിലേയ്ക്കാണ് ഒഴുകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അഴുക്കുചാൽ വൃത്തിയാക്കി വെള്ളം ഒലിച്ചുപോകുന്നതിന് പറ്റിയവിധം പുനർനിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആവശ്യമായ നടപടികൾ എത്രയുംവേഗം നടത്തുന്നതിന് വകുപ്പധികൃതർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി & ഡി) അഴുക്കുചാൽ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പണി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ നടത്തിപ്പിന് ലഭിച്ച തുക

81 (2020) ശ്രീ. വി.ഡി. സതീശൻ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ നടത്തിപ്പിന് ലോകബാങ്കിൽ നിന്നും എന്തു തുകയാണ് ലഭിച്ചത് ;

(ബി) എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഈ തുക ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുകയുടെ തിരിച്ചടവ് എന്ന് തുടങ്ങണമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഈ പദ്ധതിക്കുവേണ്ടി ലോക ബാങ്കിൽ നിന്നും കേന്ദ്ര സർക്കാർ വഴി സർക്കാരിന് ലഭിക്കുന്ന 1,250 കോടി രൂപയിൽ 70% തുക വായ്പയും 30% തുക ഗ്രാന്റുമാണ്. വായ്പ തുകയ്ക്ക് 8.3% പലിശ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകേണ്ടതുണ്ട്. 5 വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷം കൊണ്ട് വായ്പ തുക തിരിച്ച് അടയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly